ശ്രീ. ടി. കെ. ദിവാകരൻ : അങ്ങിനെ പ്രത്യേകം കൗൺസിലുകൾ രൂപീകരിക്കേണ്ടകാര്യം ഈ ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ക്ഷയരോഗാശുപത്രി.

* 333. [31] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ രോഗികൾക്ക് പ്രവേശനം നൽകുന്നതിന് നിയുക്തമായിട്ടുള്ള ബോർഡിലെ അംഗങ്ങൾ ആരെല്ലാം;

(ബി) ക്ഷയരോഗികളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിലും ഡിസ്ചാർജ്ജ് ചെയ്യുന്നതിലും എന്തെങ്കിലും പരാതി ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ ;

(സി) 1955 സെപ്റ്റംബർ വരെ എത്ര രോഗികളെ ഡിസ്ചാർജ്ജ് ചെയ്തു ; എത്രപേരെ അഡ്മിറ്റ് ചെയ്തു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. ജെ. റഹീം)

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ രോഗികൾക്ക് പ്രവേശനം നൽകുന്നതിന് നിയുക്തമായിട്ടുള്ള ബോർഡിൽ, ക്ഷയരോഗാശുപത്രി സൂപ്രണ്ട്, അവിടത്തെ സീനിയർ അസിസ്റ്റൻറ് സർജ്ജനും, നാഗർകോവിൽ ഗവണ്മെൻറ് ആശുപത്രിയിലെ മെഡിക്കൽ ആഫീസർ-ഇൻ-ചാർജ്ജും ആണ് അംഗങ്ങൾ.

(ബി) ഉണ്ട്.

(സി) 1955 ജനുവരി ഒന്നാംതീയതിമുതൽ 1955 സെപ്റ്റംബർ വരെ 269 രോഗികളെ അഡ്മിറ്റ് ചെയ്യുകയും, 302 പേരെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഡിസ്ചാർജ്ജ് ചെയ്യുന്നതിനെ സംബന്ധിച്ചും അഡ്മിറ്റ് ചെയ്യുന്നതിനെ സംബന്ധിച്ചും ഗുരുതരമായ പരാതികൾ ഉണ്ടായതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. റഹീം : ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ ?

ശ്രീ. എ. ജെ. റഹീം : പ്രധാനമായ പരാതി അവിടെ കിടക്കുന്ന രോഗികൾക്ക് ആഹാരം നൽകുന്നതിനെപ്പറ്റി - ആയിരുന്നു. അതിനെപ്പറ്റി അവിടെ പോയി പരിശോധിക്കുവേണ്ട ഏർപ്പാടു ചെയ്തു. അതിനുശേഷം അതുസംബന്ധിച്ചുള്ള പരാതികളില്ല. ഒരു രോഗിയെ ഡിസ്ചാർജ്ജ് ചെയ്തതിനെ സംബന്ധിച്ചും പരാതി വരികയുണ്ടായി. അയാൾ എന്റെ അടുക്കൽ നേരിട്ടു വരികയും ഞാൻ അയാളെ തിരുവനന്തപുരം റീ. ബി. ക്ലിനിക്കിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

അവർ അറിയിച്ചതു് ആശുപത്രിയി കിടത്തി ചികിത്സിക്കേണ്ട ആവശ്യം ആ രോഗിക്കില്ലെന്നാണു്. നാഗർകോവിൽ ആശുപത്രിയുമായി ബന്ധപ്പെട്ട ആളുകൾ ആയതുകൊണ്ടു് മനഃപൂർവ്വം അങ്ങിനെ പറഞ്ഞതാണെന്നു പരാതിപ്പെട്ടപ്പോൾ ഞാൻ വീണ്ടും അയാളെ എക്സ്റേ എടുക്കാനായി ഉള്ളൂർ ആശുപത്രിയിൽ അയയ്ക്കുകയും അവർ പരിശോധിച്ചശേഷം ആശുപത്രിയി കിടത്തി ചികിത്സിക്കേണ്ട രീതിൽ രോഗസ്ഥിതി ഗുരുതരമല്ലെന്നു് അറിയിക്കുകയുമുണ്ടായി. അഡ്മിഷൻ കൊടുക്കാതിരുന്ന മറ്റൊരാൾക്കു് അഡ്മിഷൻ കൊടുക്കാൻ ഏർപ്പാടു ചെയ്യിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അഡ്മിഷൻ കൊടുക്കാൻ ഏർപ്പാടുചെയ്തതു് ആക്കാണു്?

ശ്രീ. എ. എ. റഹീം: ഒരു നല്ല മനുഷ്യനില്ല. ഗോപാലൻ ആണെന്നാണു് തോന്നുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ക്ഷയരോഗ ആശുപത്രിയിൽനിന്നും പുറംതള്ളുന്ന ആളുകളെ വീണ്ടും അവിടെ അഡ്മിറ്റു ചെയ്യാതിരിക്കുന്നതിനു് ഡാക്ടർ നിർബന്ധമായ ശുപാർശകൾ നടത്തുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: രോഗം കൺട്രോൾ ചെയ്തുകഴിഞ്ഞാൽ ആളുകളെ പുറത്തയയ്ക്കുകയാണു് പതിവു്. എങ്കിലേ മറ്റാളുകളെ അവിടെ കിടത്തി ചികിത്സിക്കാൻ കഴിയുള്ളു. അങ്ങിനെ അയയ്ക്കുമ്പോൾ പുറത്തുപോകാൻ വിസമ്മതിക്കുന്നവരുടേതാണു് ഈ പരാതികൾ. രോഗം കൺട്രോൾ ചെയ്തുകഴിഞ്ഞാൽ പുറത്തയയ്ക്കേണ്ടതു് അത്യാവശ്യമാണു്. പുറത്തുപോയാൽ ആശുപത്രിയിൽ കിട്ടുന്നതുപോലെയുള്ള ആഹാരം കിട്ടാൻ പ്രയാസമുള്ള ആളുകൾ ആശുപത്രിയിൽനിന്നും പോകാൻ വിസമ്മതം കാണിക്കുന്നുണ്ടു്. അങ്ങനെയുള്ള പരാതികളാണു് അധികവും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഡിസ്ചാർജ്ജു ചെയ്യുന്നതിലും അഡ്മിറ്റു ചെയ്യുന്നതിലും എന്താണു് കണക്കിൽ വ്യത്യാസം വരുന്നതു്?

ശ്രീ. എ. എ. റഹീം: പത്തു പന്ത്രണ്ടെണ്ണത്തിന്റെ വ്യത്യാസമേ ഉള്ളു. രജിസ്റ്റർ ചെയ്തിട്ടു് അനുസരിച്ചു് നോട്ടീസു് അയച്ചാൽ വന്നു ചേരുന്നതിനുള്ള കാലതാമസമാണു് ഈ വ്യത്യാസത്തിനു് കാരണമെന്നറിയുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: നാഗർകോവിൽ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജു ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ആഫ്റ്റർ കെയറിനു് എന്തുനടപടി എടുത്തിട്ടുണ്ടു്?

ശ്രീ. എ. എ. റഹീം: അതിനു് ഒരു സെൻറർ തുടങ്ങണമെന്നു് തീരുമാനിച്ചിട്ടുണ്ടു്. 300 ആളുകൾക്കു് സൗകര്യം കൊടുക്കാവുന്നതിനുള്ള എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഡിസ്ചാർജ്ജുചെയ്ത എത്ര ആളുകളെ ഈ അഡ്മിറ്റു ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: അതിനു നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly